കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ജൂലായ് 15, ചൊവ്വ

വാല്യം : 119] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 20

നിയമസഭ 2003 ജൂലായ് മാസം 15-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I അറിയിപ്പ്

ഹരിയാന മുഖ്യമന്ത്രിയുടെ സന്ദർശനം

Mr. Speaker : Order.....Order.....Today we have got very distinguished guests in our VIP gallery. The Chief Minister of Hariyana, Shri Om Prakash Chauthala accompanied by his Health Minister Shri. M.L. Renga. We welcome you. Thank you.

II ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

പ്ലാസ്റ്റിക് ഉപയോഗം നിരോധിച്ചുകൊണ്ടുള്ള ഉത്തരവ്

1 (*524) ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. കെ. പി. മോഹനൻ :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് ഉപയോഗം വർദ്ധിച്ച് വരുന്നതായും ആയതിന്റെ ഫലമായി പരിസ്ഥിതി മലിനീകരണ പ്രശ്നങ്ങൾ സങ്കീർണ്ണമാകുന്നതുമായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്ലാസ്റ്റിക് ബാഗുകളും മറ്റും ഉപയോഗിക്കുന്നത് ഗവൺമെന്റ് നിരോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച ഉത്തരവ് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിൽ ഗവൺമെന്റ് എത്ര ശതമാനം വിജയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) ഉണ്ട്.

(ബി) കേന്ദ്ര പരിസ്ഥിതി-വന മന്ത്രാലയം 1999 സെപ്തംബറിൽ വിജ്ഞാപനം ചെയ്ത "റീസൈക്കിൾഡ് പ്ലാസ്റ്റിക്സ് മാനുഫാക്ചർ ആന്റ് യൂസേജ്, റൂൾസ് അനുസരിച്ച് 20 മൈക്രോണിൽ താഴെ കനമുള്ള (തനതായതും പുനരുപയോഗം ചെയ്തതുമായ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളത്) പ്ലാസ്റ്റിക് കാരി ബാഗുകളുടെ നിർമ്മാണവും ഉപയോഗവും രാഷ്ട്ര വ്യാപകമായി നിരോധിച്ചിട്ടുണ്ട്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 2002 സെപ്തംബർ 24-ാം തീയതി പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം പ്ലാസ്റ്റിക് കാരി ബാഗുകളും പ്ലാസ്റ്റിക് ഷീറ്റുകളും അലങ്കാര പ്രദർശനാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുണ്ട്. കൂടാതെ 40 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് കാരി ബാഗുകളുടെ നിരോധനം സംബന്ധിച്ച വിഷയം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ശുപാർശയനുസരിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(ഡി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കാരി ബാഗുകൾ നിബന്ധന പ്രകാരമുള്ളതാണ് എന്ന് ഉറപ്പാക്കാൻ ശ്രമിക്കുന്നുണ്ട്. സംസ്ഥാനത്തിന് പുറത്തുനിന്നും വരുന്ന കാരി ബാഗുകൾ നിബന്ധനപ്രകാരമുള്ളതാണോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനാൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : നഗരവും ഗ്രാമവും തമ്മിൽ വലിയ വ്യത്യാസമില്ലാത്ത നമ്മുടെ സംസ്ഥാനത്ത്, ഏറെ സ്ഥല പരിമിതിയുള്ള സംസ്ഥാനം എന്ന നിലയിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വരുന്നതും ഇവിടത്തെ വ്യാപാരികൾ ഉപയോഗിക്കുന്നതുമായ കനം കുറഞ്ഞ ഇരുപതു മൈക്രോൺ തിക്ക്നസ് ഉള്ള പ്ലാസ്റ്റിക് ബാഗുകൾ ഈ കേരളത്തിൽ, പ്രത്യേകിച്ച് പട്ടണങ്ങൾ ഖര മാലിന്യ കൂമ്പാരമായിമാറ്റാൻ ഇടവരുത്തുന്നു. 1999-ൽ കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച The Recycled Plastic Manufacture and Usage Rules പ്രകാരം ഇരുപതു മൈക്രോൺ വരെ തിക്ക്നസ് ഉള്ള ബാഗുകൾ മാത്രമേ നിരോധിച്ചിട്ടുള്ളൂ. അത് നൂറ് ആക്കിയാൽ മാത്രമേ കേരളത്തെ സംബന്ധിച്ചിടത്തോളം റീട്ടൈൽ ചെയ്യുന്ന രീതിയിലേക്ക് പരിഗണിക്കപ്പെടുകയുള്ളൂവെന്നും അങ്ങനെ നൂറ് ആക്കിയാൽ നമ്മുടെ കയർ, പായ തുടങ്ങിയ കടലാസ് ബാഗുകൾക്ക് പ്രിയമുണ്ടാകും എന്നുള്ളതും കണക്കിലെടുത്ത് സംസ്ഥാന ഗവൺമെന്റ് ഈ കാര്യത്തിൽ പ്രത്യേകമായി എന്തെങ്കിലും പുതിയ നടപടി സ്വീകരിക്കുവാൻ ദയവുണ്ടാകുമോ ?

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള : എല്ലാ പ്രദേശങ്ങളിലും പ്ലാസ്റ്റിക് വിപത്ത് ഉണ്ടെന്നുള്ളത് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. നമ്മുടെ സംസ്ഥാനത്ത് നൂറ് മൈക്രോണിൽ താഴെയുള്ള എല്ലാ പ്ലാസ്റ്റിക് ഉല്പന്നങ്ങളും, കാരി ബാഗുകളടക്കം, നിരോധിക്കണമെന്ന അഭിപ്രായം ഗവൺമെന്റിനുണ്ടായിരുന്നു. പക്ഷേ, വലിയ സമ്മർദ്ദവും അതിനെത്തുടർന്നുണ്ടായ ഒരുപാട് കാര്യങ്ങളെയും സംബന്ധിച്ച് കേരള പ്ലാസ്റ്റിക് മാനുഫാക്ചറേഴ്സ് അസ്സോസിയേഷനുമായി സംസാരിച്ചു. അവരുമായി ഈ കാര്യങ്ങൾ സംബന്ധിച്ച് വളരെ ദീർഘമായി സംസാരിച്ചു. ഇപ്പോൾ ഈ കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : "ക്ലീൻ കേരള" പദ്ധതി വന്നപ്പോൾ കാസർകോട്, അതുപോലെ മറ്റ് ചില പ്രദേശങ്ങളിൽ പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കാനും കണ്ടുകെട്ടാനുമുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചു. പൊതു ജനങ്ങളുടേയും പൊതു പ്രവർത്തകരുടേയും പങ്കാളിത്തം ഇക്കാര്യത്തിൽ ഉറപ്പുവരുത്താൻ ശ്രമവും നടത്തി. എന്നാൽ പിൽക്കാലത്ത് ബഹുമാനപ്പെട്ട മന്ത്രിചൂണ്ടിക്കാണിച്ചതുപോലെ ചില പ്ലാസ്റ്റിക് കമ്പനി ഉദ്യോഗസ്ഥൻമാരുടെ സമ്മർദ്ദത്തിന്റെ ഫലമായി അല്ലെങ്കിൽ അവരുടെ ഭീഷണിയുടെ ഫലമായി ഗവൺമെന്റ് നൂറ് മൈക്രോൺ എന്ന സമ്പ്രദായത്തിൽനിന്ന് പിന്നോട്ട് പോകാൻ ഇടവരുത്തിയിട്ടുണ്ട്. കേരളത്തിലെ ആരോഗ്യ രംഗത്ത് ഇന്ന് നേരിടുന്ന പുതിയ വിപത്തുകൾക്ക് മുഴുവൻ ഖര മാലിന്യങ്ങളുടെ നിർമ്മാർജ്ജനമാണ് ഒരു പ്രധാന ഘടകം എന്നത് കണക്കിലെടുത്ത് ഈ കാര്യത്തിൽ ആ സ്വാധീനത്തിന് വഴങ്ങാതെ ഉറച്ച നിലപാട് സ്വീകരിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : അത്തരത്തിലുള്ള ഭീഷണിയൊന്നും ഗവൺമെന്റിനില്ല. ഈ കാര്യം വളരെ ഗൗരവമായിത്തന്നെ ഗവൺമെന്റ് എടുക്കുന്നു. "ക്ലീൻ കേരള"യുടെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് എല്ലാ മേഖലകളിലും പ്ലാസ്റ്റിക് കാരി ബാഗുകൾ അടക്കമുള്ള സാധനങ്ങൾ നിരോധിക്കുന്നതിന് മൈക്രോൺ എത്ര വേണമെന്നുള്ളത് തീരുമാനിക്കുന്നത് മന്ത്രിസഭയാണ്. അത് മന്ത്രിസഭയുടെ സജീവമായ പരിഗണനയിലിരിക്കുന്ന കാര്യമാണ്. അടുത്തുതന്നെ അക്കാര്യത്തിൽ തീരുമാനമെടുക്കും.

ശ്രീ. കെ. പി. മോഹനൻ : കേരളത്തിൽ ശബരിമലയിലും പരിസരത്തുമാണ് പ്ലാസ്റ്റിക് പൂർണ്ണമായി നിരോധിക്കാൻ സാധിച്ചത്. എന്നാൽ ഈ രീതി കേരളത്തിലാകമാനം നടപ്പിലാക്കുവാൻ ഒരു ബോധവത്കരണം ആവശ്യമാണ്. പ്രത്യേകിച്ച് പഞ്ചായത്തുകൾ മുൻകയ്യെടുത്തുകൊണ്ട് വിദ്യാലയങ്ങളേയും അതുപോലെതന്നെ മറ്റ് സന്നദ്ധ സംഘടനകളേയും പങ്കെടുപ്പിച്ചുകൊണ്ട് ബോധവത്കരണം നടത്തുവാൻ കഴിയണം. എന്റെ നിയോജക മണ്ഡലത്തിൽ മൊകേരി പഞ്ചായത്തിൽ, അതുപോലെതന്നെ മൂന്നാറിൽ ഒരുപാട് ആളുകൾ, സന്നദ്ധ സംഘടനകൾ പങ്കെടുത്തുകൊണ്ട് ബോധവത്കരണം നടത്തി. അങ്ങനെ ഇതിനെ കുറെക്കൂടി ഊർജ്ജിതപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. അത്തരം പദ്ധതികൾ നടപ്പിലാക്കുവാൻ രൂപം കൊടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള : ശബരിമല തീർത്ഥാടന കാലത്ത് ശബരിമലയിലും പമ്പയിലും പരിസര പ്രദേശങ്ങളിലും ഉപയോഗിച്ച ശേഷം അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് കാരി ബാഗുകൾ അവിടെ പരിസ്ഥിതി പ്രശ്നം ഉണ്ടാക്കുന്നത് ഒഴിവാക്കാൻ ജില്ലാ കോടതിയും ഹൈക്കോടതിയും നിയോഗിച്ച സ്പെഷ്യൽ കമ്മീഷണറും അതുപോലെ ഗവൺമെന്റും അവിടെ പ്ലാസ്റ്റിക് സഞ്ചികളുടെ വിപണനവും ഉല്പാദനവും നിരോധിച്ചിരിക്കുകയാണ്. അതുപോലെ സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇതുപോലുള്ള നിർദ്ദേശം കൊണ്ടുവരണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം. ക്ലീൻ കേരള പദ്ധതിക്ക് അത് വളരെ സഹായകമായിരിക്കും എന്ന് ഗവൺമെന്റ് മനസ്സിലാക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ വിജ്ഞാപനം നടപ്പിലാക്കണമെന്ന് കേരള ഹൈക്കോടതി ജസ്റ്റിസ് ഉഷാ സുകുമാരൻ ഉത്തരവിട്ടിട്ടുണ്ട്. എന്നാൽ ഈ ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുവാൻ സർക്കാർ തയ്യാറാകുന്നില്ല. നമ്മുടെ ഉച്ചഭാഷിണി നിരോധിക്കൽ, അതുപോലെതന്നെ പുകവലി തടയൽ ഉത്തരവുകൾ നടപ്പിലാക്കുവാൻ ശ്രമിക്കുന്നതോടൊപ്പം പ്ലാസ്റ്റിക് നിരോധിക്കണമെന്നുള്ള ഉത്തരവ് നടപ്പിലാക്കുവാൻ ശ്രമിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : പ്ലാസ്റ്റിക് ഉല്പാദനവും കാരിബാഗുകൾ അടക്കമുള്ള കാര്യങ്ങളും നിരോധിക്കുവാനുള്ള ശ്രമത്തിലാണ് ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടെന്നു പറഞ്ഞത്. ഇവിടെ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിയ പദ്ധതി കേരളത്തിലും നടപ്പിലാക്കണമെന്നുള്ളതു തന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ഡോ. എ. നീലലോഹിതദാസൻ നാടാർ : ഇന്ന് ഇവിടെ പറഞ്ഞ മറുപടിയനുസരിച്ച് ചില ജില്ലകളിൽ വ്യക്തമായും പ്ലാസ്റ്റിക് ഉല്പന്നങ്ങൾ നിരോധിച്ചിട്ടുണ്ട്. എന്നാൽ അത് വളരെ വ്യാപകമായ രീതിയിൽ ഇവിടെ പ്രചരിപ്പിക്കപ്പെട്ടിരിക്കുന്നു, ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഇത് തടയാൻ കഴിയാത്തത് എന്താണ് ? അത് സംബന്ധിച്ചുള്ള ബുദ്ധിമുട്ടുകളെന്താണ് ? ഗവൺമെന്റിന്റെ എല്ലാ വകുപ്പുകളും ഇതു സംബന്ധിച്ച് സഹകരണം നല്കുന്നുണ്ടോ ? ഈ വക കാര്യങ്ങൾ വ്യക്തമാക്കാമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നാല്പത് മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് കാരി ബാഗുകളുടെ നിരോധനം സംബന്ധിച്ച വിഷയം സംസ്ഥാന ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. ഇത് സംബന്ധിച്ച് ആലോചിച്ചു വരികയാണ്.

മി. സ്പീക്കർ : വാസ്തവത്തിൽ ഇത് വളരെ കാര്യമായി അങ്ങേയ്ക്ക് ചെയ്യാവുന്നതേയുള്ളൂ.

ശ്രീ. ചെർക്കളം അബ്ദുള്ള : വളരെ സജീവമായ നിലയിൽ വളരെ പെട്ടെന്ന് തീരുമാനമെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ : ശബരിമല സീസൺ കാലത്ത് അവിടെ പ്ലാസ്റ്റിക് വലിച്ചെറിയുന്നതുകൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഇവിടെ പറയുകയുണ്ടായി. ഇത് പൊതുവെ പരിസ്ഥിതി മലിനീകരിക്കുന്നുവെന്നു മാത്രമല്ല, ഒരു വന്യമൃഗ സങ്കേതമായ ശബരിമല ഉൾക്കൊള്ളുന്ന പ്രദേശത്തെ മൃഗങ്ങൾ പലതും പ്ലാസ്റ്റിക് കഴിക്കുന്നതുകൊണ്ട് മരണപ്പെടുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ വക കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : ശബരിമലയിൽ ഇത് പ്രത്യേകമായി നിരോധിച്ചിട്ടുണ്ട്. ഹൈക്കോടതിയുടെ ഒരു സ്പെഷ്യൽ ഓഫീസർ തന്നെ അതിന്റെ ചുമതല വഹിക്കുകയാണ്.

മി. സ്പീക്കർ : മുനിസിപ്പാലിറ്റി പ്രോസസ് ചെയ്ത സാധനങ്ങൾ വാങ്ങിക്കുവാൻ ആളുകൾ തയ്യാറാണ്. അത് മുഴുവൻ പ്ലാസ്റ്റിക് ആയതുകൊണ്ടാണ് അത് വാങ്ങാത്തത്. അതുകൊണ്ട് അത് വളമായിട്ടിടാൻ ഒക്കുന്നില്ല. അതുകൊണ്ട് മാത്രമാണ് വാങ്ങാത്തത്. പ്ലാസ്റ്റിക് ഇല്ലെങ്കിൽ ആളുകൾ വലിയ വിലതന്ന് വാങ്ങാൻ തയ്യാറായിരുന്നു.

ശ്രീ. ചെർക്കളം അബ്ദുള്ള : അത് വേർതിരിച്ചുതന്നെ നൽകണമെന്നുള്ളതാണ് ഗവൺമെന്റിന്റെ തീരുമാനം.

ശ്രീ. സി. കെ. നാണു : സർ, ശബരിമലയിലും പരിസര പ്രദേശത്തും പ്ലാസ്റ്റിക് നിരോധിച്ചു എന്നുള്ളത് മാത്രമല്ല അവിടെ പ്ലാസ്റ്റിക് നിരോധിക്കുന്ന അവസരത്തിൽ അവിടെ വരുന്ന ജനങ്ങൾക്ക് ഉപയോഗിക്കുവാൻ പറ്റുന്ന സഞ്ചികൾ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ വക വിതരണം ചെയ്തിരുന്നു. നമ്മൾ ഇവിടെ ഇത് മാർക്കറ്റിൽനിന്ന് ഒഴിവാക്കുന്ന അവസരത്തിൽ അതിനു പകരമായി പ്രത്യേകിച്ച് ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന്റെ നേതൃത്വത്തിൽ വ്യാപകമായി സഞ്ചികളും അതുപോലുള്ളതും പ്രചരിപ്പിക്കുവാനും അങ്ങനെ മാർക്കറ്റ് ചെയ്തുകൊണ്ട് ഈ പ്ലാസ്റ്റിക് ഒഴിവാക്കാനുമുള്ള നടപടി ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡുമായി ചേർന്ന് നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട വകുപ്പു മന്ത്രി നേതൃത്വം കൊടുക്കുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സംസ്ഥാനത്ത് ഇപ്പോൾ വ്യാപകമായുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി അനുസരിച്ചുള്ള കുടുംബശ്രീ സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്ലാസ്റ്റിക് ബാഗുകൾക്കു പകരം വളരെ കുറഞ്ഞ വിലയ്ക്ക് വില്ക്കുവാൻ കഴിയുന്ന തരത്തിലുള്ള ബാഗുകൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. തുണി ബാഗ്. അതിനു പുറമെ ചായകുടിക്കുവാനുള്ള പ്ലാസ്റ്റിക് കപ്പ് അടക്കം നിർമ്മിക്കുന്നതിനാവശ്യമായ ടെക്നോളജിയെ സംബന്ധിച്ച്, പ്ലാസ്റ്റിക് കപ്പ് ഉപയോഗിക്കാതിരിക്കുവാൻ വേണ്ടി പേപ്പർ കപ്പ് എങ്ങനെ ഉണ്ടാക്കാൻ കഴിയും എന്നതിനെ സംബന്ധിച്ച്, അതിന്റെ ടെക്നോളജിയെ സംബന്ധിച്ച് പരീക്ഷണം നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു : പ്ലാസ്റ്റിക് ബാഗുകളും അത് ചിലപ്പോൾ മണ്ണിൽ താഴ്ന്ന് മണ്ണിനടിയിൽ ആയിക്കഴിഞ്ഞാൽ നമ്മുടെ ചെടികളുടെ വളർച്ചയെപ്പോലും ബാധിക്കുന്ന രീതിയിൽ വേരോട്ടം ഇല്ലാതാക്കും. ഇതുമായി ബന്ധപ്പെട്ട് വ്യക്തമായ രൂപത്തിൽ ശ്രീ ഇ.ടി. മുഹമ്മദ് ബഷീർ കഴിഞ്ഞ ദിവസം സഭയിൽ പ്രമേയം അവതരിപ്പിച്ചു ചർച്ച ചെയ്തിരുന്നു. അങ്ങ് വ്യക്തമാക്കിയത് മണ്ണിനടിയിൽ ഇത് വരുന്നതുകൊണ്ട് നമ്മുടെ ഭൂമിയിൽ വേരോട്ടം ഉണ്ടാകുന്നില്ല എന്നു മാത്രമല്ല പല തകരാറുകൾക്കും ഇത് കാരണമാകുന്നു എന്നാണ്. ഇത് പരിഗണിച്ച് ഗൗരവമായ പ്രശ്നമെന്ന നിലയ്ക്ക് തന്നെ ബഹുമാനപ്പെട്ട മന്ത്രി ഇത് കൈകാര്യം ചെയ്യുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : ഇത് വളരെ ഗൗരവമായിട്ടു തന്നെ എടുത്തിട്ടുണ്ട്. മന്ത്രിസഭാ യോഗം ഇതു സംബന്ധിച്ച് അന്തിമമായ തീരുമാനം എടുക്കും. സംസ്ഥാനത്ത് ഇത് നിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. കെ. ബാബു : സർ, പ്ലാസ്റ്റിക് ബാഗുകളും, പ്ലാസ്റ്റിക്ക് കൊണ്ടുള്ള സാധനങ്ങളും റീ സൈക്ലിംഗ് നടത്തുന്നതിന് എന്തെങ്കിലും സമീപനം പ്ലാനിംഗ് ബോർഡ് സ്വീകരിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : റീ സൈക്ലിംഗ് നടത്തുന്നതിന് പ്ലാനിംഗ് ബോർഡിന്റെ ആഭിമുഖ്യത്തിൽ അത്തരം ആലോചനയില്ല. റീ സൈക്ലിംഗ് വിവിധ കമ്പനികൾ നടത്തി വരികയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : പ്ലാസ്റ്റിക് ഉപയോഗം നിരോധിച്ചുകൊണ്ടുള്ള കോടതി വിധി വന്നശേഷം കുറേ മാസങ്ങൾ കഴിഞ്ഞിരിക്കുന്നു എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. സാധാരണ കോടതിയുടെ ജനോപകാരപ്രദമായ സമീപനങ്ങൾ വന്നാൽ, ബീഡി വലി നിരോധിക്കുക എന്നു പറഞ്ഞാൽ പ്രായോഗികമായി വളരെ വിഷമമുള്ള കാര്യമാണ്. അത് നടപ്പിലാക്കാതിരുന്നു എന്നുള്ളത് കുറ്റകരമായി കാണുന്നില്ല. എന്നാൽ പ്ലാസ്റ്റിക്കിൽ നിന്ന് വരെ വളരെ അപകടകരമായിട്ടുള്ള സ്ഥിതി സമൂഹത്തിന് ഉണ്ടെന്നാണ് മനസ്സിലാക്കിയത്. ഹൈക്കോടതി വിധി വന്നുകഴിഞ്ഞാൽ പരിഗണന, പരിഗണിച്ചു വരുന്നു. എന്നുള്ള നിലയിലുള്ള സമീപനം മതിയോ ? വിശേഷിച്ച് ഒരു തുറന്ന വെല്ലുവിളി ഉയർത്തുന്ന രീതിയിൽ തന്നെ മന്ത്രിമാരും പ്രമാണിമാരും എല്ലാവരും ഇരിക്കുന്ന സമ്മേളനങ്ങളിലും കമ്മിറ്റികളിലും പ്ലാസ്റ്റിക് കപ്പിലാണ് ഹോട്ടലുകളിൽ നിന്ന് ചായ കൊണ്ടുവരുന്നത്. ഒരു വെല്ലുവിളി പോലെ നീയെല്ലാം എന്തു ചെയ്യാൻ പോകുന്നു എന്ന തരത്തിലുള്ള വെല്ലുവിളി വന്നാലും നമുക്ക് അത് സീരിയസായിട്ട് കൈകാര്യം ചെയ്യാൻ കഴിയാത്തതെന്താണ് ? ഇനിയും പരിഗണന എന്നു പറയുന്നതിനു പകരം സമയബന്ധിതമായി ഇത്ര പിരീഡിനകം നടപടി സ്വീകരിക്കുമെന്ന് പറയാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കഴിയുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : വളരെ പെട്ടെന്നു തന്നെ ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്. പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ഇത് വളരെ പ്രയാസം ഉളവാക്കുന്ന കാര്യമാണ്. നമ്മുടെ സംസ്ഥാനത്തെ മലിനീകരണ

LIBRARY ARCHIVES Kerala Legislative Assembly

നിയന്ത്രണ ബോർഡ് ഇക്കാര്യത്തിൽ ഒരു തീരുമാനം എടുത്തപ്പോൾ ഹൈക്കോടതി ഇക്കാര്യത്തിൽ താൽക്കാലിക ഉത്തരവുമൂലം അത് സ്റ്റേ ചെയ്യുകയായിരുന്നു. സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. വീണ്ടും ഈ പ്രശ്നം ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയാണ്.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർദ്ധിച്ചു വരികയാണ്. ഇതിന്റെ പ്രാധാന്യം ഇത് സൗകര്യപ്രദമാണ്, ഭംഗിയുള്ളതാണ്, ലളിതമാണ്. ഇതിൽനിന്ന് പിൻതിരിയണമെങ്കിൽ ഇതിനു സമാന്തരമായ ദൃഷ്യങ്ങളില്ലാത്ത മറ്റു സാധനങ്ങൾ കൊണ്ടു വരികയല്ലാതെ നിരോധനം കൊണ്ടു മാത്രം ഇത് ഇല്ലായ്മ ചെയ്യാൻ കഴിയും എന്ന് തോന്നുന്നില്ല. ഇത് കൂടുതൽ ആകർഷിക്കുന്നത് കുട്ടികളേയും സ്ത്രീകളേയുമാണ്. കുടുംബശ്രീ, അംഗനവാടി, വിദ്യാർത്ഥി, അദ്ധ്യാപക വിഭാഗങ്ങളിൽപ്പെട്ട ആളുകളെ ബോധവൽക്കരിച്ച് ഇതിന്റെ നിയന്ത്രണവും ഇതിന്റെ ഉപയോഗം കുറയ്ക്കുന്നതിനാവശ്യമായ നടപടികളും പഞ്ചായത്തു തലത്തിൽ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പരിശോധിക്കാവുന്നതാണ്. ഇപ്പോൾ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ പ്ലാസ്റ്റിക് കാരി ബാഗുകൾക്ക് പകരം വളരെ വിലക്കുറച്ച് വിൽക്കാൻ കഴിയുന്ന തുണി ബാഗുകൾ നിർമ്മിച്ചു വരികയാണ്.

ശ്രീ. ബിനോയ് വിശ്വം : നമുക്കെല്ലാം അറിയുംപോലെ ഡെങ്കിപ്പനി, ജപ്പാൻ പനി ഇതിന്റെയെല്ലാം പുറകിലും പ്ലാസ്റ്റിക് മലിനീകരണത്തിന്റെ ഒരു പ്രശ്നമുണ്ടല്ലോ. അത് പരിഗണിച്ചുകൊണ്ട് "പ്ലാസ്റ്റിക് മുക്ത കേരളം രോഗ മുക്ത കേരളം" എന്ന മുദ്രാവാക്യം മുന്നോട്ടു വച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും ആരോഗ്യ വകുപ്പിനേയും ബഹുജന പ്രസ്ഥാനങ്ങളേയും എല്ലാംകൂട്ടി ഇണക്കിക്കൊണ്ട് പ്ലാസ്റ്റിക് നിവാരണ യുദ്ധം പ്രഖ്യാപിക്കാൻ ഗവൺമെന്റ് ഒരുക്കമാണോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച ക്ലീൻ കേരള പദ്ധതിയിൽ ഇതെല്ലാം ഉൾപ്പെടുന്നതാണ്. ക്ലീൻ കേരള പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനാവശ്യമായ നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

ശ്രീ. ടി. വി. ചന്ദ്രമോഹൻ : ആശുപത്രികളിൽ മാലിന്യങ്ങൾ നീക്കാൻ ഇൻസിനറേറ്ററുകളുണ്ട്. പല ആശുപത്രികളിലും പ്ലാസ്റ്റിക് അതിന്റെ ഉപയോഗം കഴിഞ്ഞാൽ നശിപ്പിക്കുവാൻ വേണ്ടിയുള്ള ഇൻസിനറേറ്ററില്ല. ഈ അടുത്ത കാലത്ത് മാലിന്യങ്ങൾ നീക്കേണ്ടത് മുനിസിപ്പാലിറ്റിയാണോ, അതല്ല ഹെൽത്ത് ഡിപ്പാർട്ടുമെന്റാണോ, മെഡിക്കൽ കോളേജാണോ എന്നുള്ള തർക്കമുണ്ടായി. ആ തർക്കം പരിഹരിക്കുന്നതിൽ ആരാണ് അത് ചെയ്യേണ്ടത് എന്നതിനെ സംബന്ധിച്ച് ഇതുവരെ തീരുമാനം എടുത്തിട്ടില്ല. ഇത് തദ്ദേശ സ്വയംഭരണ വകുപ്പാണോ, മെഡിക്കൽകോളേജാണോ ചെയ്യേണ്ടത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള : ആശുപത്രികളിലേയും, മെഡിക്കൽ കോളേജിലേയും മാലിന്യങ്ങൾ നീക്കേണ്ടത് അവരുടെ ഡ്യൂട്ടിയാണ്. പൊതു സ്ഥലങ്ങളിലെ മാലിന്യങ്ങൾ കൊണ്ടുപോകുന്നതും അത് നിർമ്മാർജ്ജനം ചെയ്യുന്നതുമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡ്യൂട്ടി. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പ്രശ്നം ഉണ്ടായിരുന്നു. ഈ പ്രശ്നം കളക്ടർ ഇടപെട്ട് പരിഹരിച്ചു. ഈ കാര്യത്തിൽ ആവശ്യത്തിന് എത്തിയത് തദ്ദേശസ്വയം ഭരണ സ്ഥാപനമാണ്. തൃശൂർ കോർപ്പറേഷനിൽ അത് നീക്കം ചെയ്യാനാവശ്യമായ നടപടി സ്വീകരിച്ചു.

ശ്രീ. മത്തായി ചാക്കോ : 1999-ൽ 20 മൈക്രോണിൽ താഴെയുള്ള കാരി ബാഗുകൾ കേന്ദ്ര ഗവൺമെന്റ് തന്നെ നിരോധിച്ചിട്ടുണ്ട്. ഇവിടെ അതിനു വേണ്ടിയിട്ടുള്ള ശ്രമം മന്ത്രി പറഞ്ഞത് 40 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ബാഗുകളെ നിരോധിക്കുന്നതു സംബന്ധിച്ച് കാബിനറ്റ് ആലോചിക്കുന്നു എന്നാണ്. സ്പീക്കറും പ്രതിപക്ഷ നേതാവും ഇവിടെ ഉത്ക്കണ്ഠ പ്രകടിപ്പിച്ചു. അതിനു തടസ്സമായി നിൽക്കുന്നത് കാരി ബാഗുകൾ ഉൽപ്പാദിപ്പിക്കുന്ന വൻകിട കമ്പനിക്കാർ കേരളത്തിലുണ്ട്. കോഴിക്കോട് തന്നെ അവിടെ അടച്ചു പൂട്ടി പോയ ഉടമയുടെ മകൻ ഈ സ്ഥാപനം നടത്തുന്നുണ്ട്. അവർക്ക് വേറെ തരത്തിൽ കമ്പനി നടത്താനുള്ള സംവിധാനം ഗവൺമെന്റ് ഉണ്ടാക്കിക്കൊടുത്തു. യഥാർത്ഥത്തിൽ അവരുടെ സമ്മർദ്ദമാണ് തടസ്സം. അതുകൊണ്ട് എന്റെ ചോദ്യം 40 മൈക്രോണിനു താഴെ, യഥാർത്ഥത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് 100 മൈക്രോൺ എന്നാണ് പറഞ്ഞിരിക്കുന്നത്. അത്രത്തോളം പോയില്ലെങ്കിലും 40 മൈക്രോണിനു താഴെയുള്ള പ്ലാസ്റ്റിക് നിർമ്മാണം പൂർണ്ണമായി നിർത്തുന്നതിനുള്ള ഒരു നിയമം സമയബന്ധിതമായി ഇത്ര മാസത്തിനുള്ളിൽ ഒരു നിയമം കൊണ്ടു വരും എന്ന് പറയാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : 40 മൈക്രോണിനു താഴെ കനമുള്ള പ്ലാസ്റ്റിക് ബാഗുകൾ നിർത്തണമെന്നുള്ളതാണ് മലിനീകരണ നിയന്ത്രണ ബോർഡിന്റ് ശുപാർശ. ഇതു സംബന്ധിച്ചാണ് ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നത്. അധികം താമസിയാതെ തന്നെ ഇത് പരിഗണിച്ച് നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. സമ്മർദ്ദത്തിനു വഴങ്ങുന്നു എന്നുള്ളത് ശരിയല്ല.

ശ്രീ. സി. പി. മുഹമ്മദ് : പാളയിൽ നിന്ന് പ്ലാസ്റ്റിക്കിലേക്കുള്ള പുരോഗതി- ഈ പ്ലാസ്റ്റിക്ക് ഉണ്ടാക്കിയ അപകടങ്ങളെ സംബന്ധിച്ച് ആധുനിക യുഗത്തിൽപോലും നമ്മൾ ബോധവാൻമാരല്ല പ്ലാസ്റ്റിക് സാസറുകളും അതുപോലെ തന്നെ നിറം ചേർക്കുന്ന നോളി ഫിനോലുകളും അടക്കമുള്ള വിഷ വസ്തുക്കളും പ്രജനന ശേഷിയേയും കുട്ടികളിലുള്ള ജനിതക വൈകല്യങ്ങളേയും അർബുദ കോശങ്ങളെ വർദ്ധിപ്പിക്കുന്നതിനും കാരണമാക്കുന്നു എന്ന് പഠനങ്ങൾ തെളിയിച്ചതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നിയമം ഉണ്ടെന്നു പറഞ്ഞു. നിയമം ഉണ്ടായതുകൊണ്ടു മാത്രം കാര്യമില്ല. നിയമ ലംഘനങ്ങളും ഇവിടെ നടക്കുകയാണ്. നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ കാര്യത്തിൽ കാണിക്കുന്ന അനാസ്ഥ അവസാനിപ്പിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവാർഡ് കൊടുക്കുന്നതടക്കം കർശന ശിക്ഷണ നടപടികൾ.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : Put the question.....നമ്മുടെ പാണ്ഡിത്യം അറിയിക്കാനുള്ള ഒരു വേദി അല്ല ഇത്.

ശ്രീ. ചെർക്കളം അബ്ദുള്ള : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനാസ്ഥയൊന്നും കാണിക്കുന്നില്ല. അനാസ്ഥ കാണിക്കേണ്ട പ്രശ്നമില്ല. മാലിന്യ നിർമ്മാർജ്ജനമൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡ്യൂട്ടിയാണ്. പുറകോട്ട് പോകുന്ന പ്രശ്നമില്ല. നമ്മൾ എല്ലാവരും വിചാരിച്ചാൽ മാത്രമേ ഇത് പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. എല്ലാവർക്കും സ്വയം ബോധവൽക്കരണം പ്രത്യേകം ഉണ്ടായാൽ മാത്രം ചെയ്യാൻ കഴിയുന്ന കാര്യമാണ് പ്ലാസ്റ്റിക് നിരോധനം.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഇവിടെ നേരത്തെ അംഗങ്ങൾ പ്രകടിപ്പിച്ച അഭിപ്രായത്തോട് ചേർത്ത് പറയുകയാണ്. പത്താം കേരള നിയമസഭയിൽ പ്രൊഫ. എ. വി. താമരാക്ഷൻ ചെയർമാനായിരുന്ന അന്നത്തെ പരിസ്ഥിതി കമ്മിറ്റിയിൽ ശ്രീ. കെ. സി. വേണുഗോപാലും, ഡോ. എം. കെ. മുനീറും, ശ്രീ. രാജുഎബ്രഹാമും ഞാനുമൊക്കെ മെമ്പറായിരുന്നു. ആ കമ്മിറ്റി വളരെയേറെ പഠനങ്ങൾക്കുശേഷം ധാരാളം അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് മറ്റ് സ്റ്റേറ്റുകളിൽപ്പോയി പഠിക്കുകയും അതിന്റെയൊക്കെ അനുഭവത്തിന്റെ വെളിച്ചത്തിൽ നല്ല ശുപാർശകളടങ്ങുന്ന റിപ്പോർട്ട് ഈ സഭയിൽ വയ്ക്കുകയും സഭ അംഗീകരിക്കുകയും ചെയ്തതാണ്. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഇവിടെ വളരെ പഠനാർഹമായ രീതിയിൽ ഒരു പ്രമേയം അവതരിപ്പിച്ചിരുന്നതാണ്. അതിന്റെയൊക്കെ അടിസ്ഥാനത്തിൽ സർക്കാരിന് നടപടിയെടുക്കാൻ കഴിയുന്നതാണ്. ഈ റിപ്പോർട്ടെങ്കിലും പരിഗണിച്ച് നടപടി സ്വീകരിക്കാൻ കഴിയണം എന്നത് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. എം.എൽ.എ മാർക്ക് ജീരകവെള്ളം കൊടുക്കുന്ന കുപ്പിപോലും പ്ലാസ്റ്റിക്കാണ്. നമ്മൾ വയ്ക്കുന്ന ശുപാർശകൾ ഈ സഭതന്നെ അംഗീകരിക്കേണ്ടതാണ്. നമ്മൾതന്നെ നടപ്പാക്കണം. അതിനുള്ള നടപടി സ്വീകരിക്കുമോ.

ശ്രീ. ചെർക്കളം അബ്ദുള്ള : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ഉൾക്കൊള്ളുകയാണ്. അതിന്റെ അടിസ്ഥാനത്തിൽതന്നെയാണ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 2002 സെപ്റ്റംബർ 24-ാം തീയതി പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം പ്ലാസ്റ്റിക് കാരി ബാഗും പ്ലാസ്റ്റിക് ഷീറ്റും അലങ്കാര ആവശ്യത്തിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതും നിരോധിച്ചു. അതിനാണ് ഹൈക്കോടതി സ്റ്റേ കൊടുത്തിരിക്കുന്നത്.

ശ്രീ. പി. കെ. കെ. ബാവ : ഗവൺമെന്റ് പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തുന്നു എന്നു പറഞ്ഞത് സ്വാഗതാർഹമാണ്. എന്നാൽ ചില സ്ഥലങ്ങളിൽ അതിന് പ്രാധാന്യം കൊടുത്തിട്ടുണ്ട്. ഇപ്പോൾത്തന്നെ ശബരിമലയിൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത്ര തന്നെ പ്രാധാന്യമുള്ള ഗുരുവായൂരിലും ഇതുപോലെ പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള : ഗുരുവായൂരടക്കം കേരളത്തിലാകെ പ്ലാസ്റ്റിക് നിരോധനം നടത്താനാവശ്യമായ നടപടികൾ ആണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : ബഹുമാനപ്പെട്ട സ്പീക്കറും സഭയും പൊതുവെ പ്രകടിപ്പിച്ച ഈ വികാരത്തെ അടിസ്ഥാനമാക്കി കേരളത്തിലെ മുനിസിപ്പാലിറ്റികളിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം പരിസര മലിനീകരണം സൃഷ്ടിക്കുന്ന ഈ ജൈവ മാലിന്യങ്ങൾ നീക്കം ചെയ്യാൻ സാധിക്കാത്ത പ്രശ്നമാണ്. ഇപ്പോൾ നീക്കം ചെയ്യുന്നുവെന്നു പറയുന്നത് വലിയ കുഴി കുഴിച്ച് അതിൽ കൊണ്ടിടുകയാണ്. അതിനെ തുടർന്ന് പരിസരപ്രദേശങ്ങളിൽ വലിയ പ്രക്ഷോഭങ്ങളും സമരങ്ങളും ഉയർന്നുവരികയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഇപ്പോൾത്തന്നെ ജൈവവളം നിർമ്മിക്കുന്നതിനുവേണ്ടി ജൈവ മാലിന്യങ്ങൾ ഉപയോഗിക്കുന്നുണ്ട്. പക്ഷേ, ഉപയോഗിക്കാൻ സാധിക്കാത്തത് ഈ പ്ലാസ്റ്റിക് സാധനങ്ങൾ ഇതിൽ കുടുങ്ങിയിരിക്കുന്നു എന്നുള്ളതുകൊണ്ടാണ്. അത് മാറ്റുന്നതിന് ആവശ്യമായ നിലപാട് സ്വീകരിക്കുമോ. അതോടൊപ്പംതന്നെ പ്ലാസ്റ്റിക് സാധനങ്ങൾ സംസ്ക്കരിക്കുന്നതിന് പ്ലാസ്റ്റിക്കിന്റെ മൂന്നിരട്ടി വിറക് ഉപയോഗിക്കണം. അങ്ങനെ വരുമ്പോൾ പൊലൂഷൻ ഉണ്ടാവുകയില്ല എന്ന് പറയുന്നുണ്ട്. ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അത് പരീക്ഷിച്ചിട്ടുണ്ട്. ഈ കാര്യം ബഹുമാനപ്പെട്ട മന്ത്രി ഗൗരവപൂർവ്വം പരിഗണിക്കുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ഇവിടെ പരിശോധിക്കാവുന്നതാണ്. പക്ഷേ, നമ്മുടെ സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യങ്ങൾ എവിടെ കൊണ്ടുപോയാലും ഇടാൻ സാധിക്കാത്ത തരത്തിലാണ് എതിർപ്പുകൾ നേരിട്ടുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പറുടേതടക്കമുള്ള മുനിസിപ്പാലിറ്റിയിലെ പ്രശ്നമിതാണെന്ന് അദ്ദേഹത്തിനുതന്നെ അറിയാം. എവിടെപോയാലും എതിർപ്പുതന്നെ. എവിടെയും മാലിന്യം കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ട്. അത് മാറ്റിയെടുക്കാൻ ജനങ്ങൾ മുഴുവൻ സന്നദ്ധമായാൽ മാത്രമേ ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയൂ.

ശ്രീ. എൻ. ശക്തൻ : തിരുവനന്തപുരം ജില്ലയിലെ നഗരത്തിലെ മാലിന്യങ്ങളിലുള്ള മുഴുവൻ പ്ലാസ്റ്റിക്കുകളും വിളപ്പിൽശാലയിൽ കൊണ്ടുവന്ന് കൂട്ടിയിട്ട് തീയിടുകയാണ്. അതുമൂലം ആ പഞ്ചായത്തിലെ മുഴുവൻ ആളുകളും നിത്യരോഗികളായി മാറുന്നു. ഇത് കൂട്ടിയിട്ട് തീയിടുന്ന നടപടി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പ്രത്യേകം പരിശോധിക്കാവുന്നതാണ്.

ശ്രീ. ടി. കെ. ബാലൻ : പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തെ സംബന്ധിച്ച് നമ്മൾതന്നെ ഒരു നല്ല മാതൃക സൃഷ്ടിക്കണമെന്നു പറഞ്ഞല്ലോ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ആ കാര്യം പറഞ്ഞു, എനിക്ക് ബഹുമാനപ്പെട്ട സ്പീക്കറോടടക്കം അഭ്യർത്ഥിക്കാനുള്ളത് നമ്മുടെ മനോഹരമായ ഈ അസംബ്ലി

ഹാളിൽ പ്ലാസ്റ്റിക് ഫ്ളവേഴ്സും ചെടികളും അലങ്കാരവസ്തുവായിട്ട് വച്ചിരിക്കുന്നതിൽ ധാരാളം പൊടിയും മാലിന്യങ്ങളും തട്ടി എന്നെയും ശ്രീ. എ. കെ. ബാലനേയും പോലെയുള്ളവർക്ക് അലർജിയുണ്ടാക്കുന്നോ എന്ന് സംശയമുണ്ട്. അതുകൊണ്ട് ദയവായി അങ്ങ് ആ കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ?

മി. സ്പീക്കർ : അത് ഞാൻ വരുന്നതിനു മുമ്പ് ലക്ഷക്കണക്കിന് രൂപ ചെലവാക്കി വാങ്ങിച്ചു വച്ചതാണ്. അതെടുത്ത് എന്തു ചെയ്യാമെന്നാണ് ആലോചിക്കുന്നത്, എനിക്കും അത് തോന്നുന്നുണ്ട്. പക്ഷേ, ഞാൻ എന്തു ചെയ്യണം. ലക്ഷക്കണക്കിന് രൂപ ചെലവാക്കിയാണല്ലോ അതിവിടെ വാങ്ങിച്ചുവച്ചത്.

ശ്രീ. കെ. സി. വേണുഗോപാൽ : ഇവിടെ ബഹുമാനപ്പെട്ട രാജേന്ദ്രൻ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തന്നെ പരിസ്ഥിതി കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ കഴിഞ്ഞ ഗവൺമെന്റും ആരോഗ്യവകുപ്പുമന്ത്രിയും കാര്യമായ നടപടിയൊന്നും എടുത്തിട്ടില്ല. ഇത് വലിയ മാരകമായ വിപത്താണെന്ന് ഇപ്പോൾ മനസ്സിലാക്കി. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ രാഷ്ട്രീയ പാർട്ടികളുടെ യോഗത്തിൽപ്പോലും മിനറൽ വാട്ടർ പ്ലാസ്റ്റിക് ബോട്ടിലിൽ തന്നെ നൽകുകയാണ്. അന്താരാഷ്ട്ര കമ്പനികളാണ് ഇതൊക്കെ നൽകുന്നത്. അവരുടെയൊക്കെ നാട്ടിൽ വിദേശരാജ്യങ്ങളിലെല്ലാം മിനറൽ വാട്ടറിന്റെ പ്ലാസ്റ്റിക് ബോട്ടിൽ നിരോധിച്ചിരിക്കുകയാണ്. കുപ്പിയിലെ മിനറൽ വാട്ടർ കൊടുക്കാൻ മാത്രമേ പറ്റൂ. കേരളത്തിൽ അന്താരാഷ്ട്ര കമ്പനികൾ പ്ലാസ്റ്റിക് ബോട്ടിലിലാണ് വിൽക്കുന്നത്. ഇത് കേരളത്തെ നശിപ്പിക്കാനുള്ള ഗൂഢാലോചനയാണെന്ന് മനസ്സിലാക്കി അത്യാവശ്യം ഗവൺമെന്റ് കോൺഫറൻസിലെങ്കിലും പ്ലാസ്റ്റിക് ബോട്ടിൽ നിരോധിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ.

ശ്രീ. ചെർക്കളം അബ്ദുള്ള : ആ കാര്യം പെട്ടെന്ന് തീരുമാനിക്കാൻ കഴിയില്ല. അതിനു പകരമായി വരേണ്ടത് എന്താണെന്നുള്ളത് ആലോചിച്ച് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിരോധിക്കാൻ കഴിയൂ. അല്ലാതെ കഴിയുമെന്ന് തോന്നുന്നില്ല.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : ഏതായാലും ഈ പ്രശ്നം ചർച്ചയ്ക്ക് വന്നു. ബഹുമാനപ്പെട്ട ബാലൻ അത് ചൂണ്ടിക്കാണിക്കുകയും ചെയ്തു. മറ്റുള്ളവരെ ഉപദേശിക്കുന്നതിനു മുമ്പ് ഇവിടെ നിന്നും എടുത്തുകളയാതെ മറ്റുള്ളവരെക്കുറിച്ച് പറയുന്നതിൽ അർത്ഥമില്ല എന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ : ഈ കോമ്പൗണ്ടിൽ നിരോധിച്ചിരിക്കുന്നു. ഏതായാലും സി.എം.ന്റെ അഷ്വറൻസിന്റെ പേരിൽ ഇനി ഫർദർ ചോദ്യമില്ല. ഗവൺമെന്റ് ഇത് അടിയന്തിരമായി നിരോധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[15-7-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1 (*524)-ന്റെ ഉത്തരം ദയവായി കാണുക]

THE RECYCLED PLASTIC MANUFACTURE AND USAGE RULES, 1999

(MINISTRY OF ENVIRONMENT & FORESTS)

NOTIFICATION

New Delhi, the 2nd September, 1999

'S.O.705(E)- Whereas draft rules in exercise of the powers conferred by clause (viii) of sub-section (2) of section 3 read with section 25 of the Environment (Protection) Act, 1986 (29 of 1986) was published in the Gazette vide S.O.980(E), dated 20th November, 1998 entitled Recycled Plastics Usage Rules, 1998 inviting objections from the public within 60 days from the date of the publication of the said notification and whereas all objections received were duly considered ;

Now, therefore, in exercise of the powers conferred by clause (viii) of sub-section (2) of section 3 read with section 25 of the Environment (Protection) Act, 1986, the Central Government hereby notifies the rules for the manufacture and use of recycled plastics, carry bags and containers ;

1. *Short title and commencement :*

   (a) These rules may be called the Recycled Plastics Manufacture and Usage Rules, 1999.

   (b) They shall come into force on the date of their publication in the official Gazette.

2. *Definition* - In these rules unless the context requires,

   (a) "Act" means the Environment (Protection) Act, 1986 ;

   (b) "Foodstuffs" means ready-to-eat food and food products, fast food, processed and cooked food in liquid, powder, solid or semi-solid form ;

   (c) "Vendor" means person who sells foodstuffs as defined above packaged and stored in plastic carry bags and containers.

LIBRARY ARCHIVES Kerala Legislative Assembly

3. *Prescribed Authority :*

(a) The prescribed authority for enforcement of the provisions of these rules related to manufacture and recycling shall be the State Pollution Control Boards in respect of States and the Pollution Control Committees in respect of Union Territories ;

(b) The prescribed authority for enforcement of the provisions of these rules related to the use, collection, segregation, transportation and disposal shall be the District Collector/Deputy Commissioner of the concerned district where no such Authority has been constituted by the State Government/Union Territory administration under any law regarding non-biodegradable garbage.

4. *Prohibition of usage of carry bags or containers made of recycled plastics :* No vendor shall use carry bags or containers made of recycled plastics for storing, carrying, dispensing or packaging of foodstuffs.

5. *Conditions of Manufacture of carry bags and containers made of plastics :* Subject to the provisions of rule 4, any person may manufacture carry bags or containers made of plastics if the following conditions are satisfied, namely :-

(a) Carry bags and containers made of virgin plastic shall be in natural shade or white ;

(b) Carry bags and containers made of recycled plastic and used for purposes other than storing and packaging foodstuffs shall be manufactured using pigments and colourants as per IS:9833:1981 entitled "List of pigments and colourants for use in plastics in contact with foodstuffs, pharmaceuticals and drinking water."

6. *Recycling :* Recycling of plastics shall be undertaken strictly in accordance with the Bureau of Indian Standards specification : IS:14534:1998 entitled "The Guidelines for Recycling of Plastics."

7. *Marking/Codification :* Manufacturers of recycled plastic carry bags having printing facilities shall code/mark carry bags and containers as per Bureau of Indian Standards Specification : IS 14534 : 1998 entitled "The Guidelines for Recycling of Plastics" and the end product made out of re-cycled plastics shall be marked as "recycled" along with the indication of the percentage of use of recycled material. Other manufactures, who do not have printing facilities, shall comply with the condition within one year of publication of these rules. Manufactures shall print on each packet of carry bags as to whether these are made of "recycled material" or of "virgin plastic."

LIBRARY ARCHIVES Kerala Legislative Assembly

8. *Thickness of Carry bags :* The minimum thickness of carry bags made of virgin plastics or recycled plastics shall not be less than 20 microns.

9. *Self regulation by certain persons :* Without prejudice to the provisions contained in rule 3, the Plastics Industry Association, through their member units, shall undertake self-regulatory measures.

അനുബന്ധം I A

KERALA STATE POLLUTION CONTROL BOARD

Pattom P.O., Thiruvananthapuram - 695 004

In reply please refer to : No.PCB/TAC/457/92 *Date 24-9-2002*

NOTIFICATION

In exercise of powers conferred under Section 33 (A) of the Water (Prevention and control of Pollution) Act, and under section 31(A) of the Air (Prevention and Control of Pollution) Act use of plastic carry bags and plastic sheets for decorative display purposes is hereby banned in Kerala. Violation of this ban will attract prosecution as per the said statutes.

Explanatory Note

(This does not form part of the notification but is intended to describe the general purport)

Widespread use of plastic carry bags and plastic sheets for decorative display purpose is noticed in the State. The plastic materials abandoned after use causes blockage of roadside drains, aesthetic pollution and physical blockage in soil ecosystem. The Board in its 135th meeting held on 30-7-2002 has decided to impose ban on the use of plastic carry bags and plastic sheets for decorative display in order to avoid the aforesaid environmental problems.

LIBRARY ARCHIVES Kerala Legislative Assembly